# സർവശിക്ഷാ അഭിയാൻ കേരളം
## നിരന്തരമൂല്യനിർണയം – യൂണിറ്റ് ടെസ്റ്റ് 2011-12

**ക്ലാസ്സ് : 7** | **<u>ഗണിതം</u>** | **സമയം : 80 മിനിറ്റ്**

**മേഖല : നിർമ്മാണം**

**പ്രവർത്തനം : 1**

4 cm അകലത്തിൽ 2 സമാന്തര രേഖകൾ വരച്ച് നീനു ഗണിത പ്രോജക്ടിന്റെ തലക്കെട്ടെഴുതാൻ തീരുമാനിച്ചു. എങ്ങനെയായിരിക്കും നീനു ഇത് വരച്ചത് ? നിങ്ങളും ഒന്നു വരച്ചു നോക്കൂ.

**സൂചകങ്ങൾ**

- ❖ അനുയോജ്യമായ വഴി തെരഞ്ഞെടുക്കുന്നു.
- ❖ അനുയോജ്യമായ ഉപകരണങ്ങൾ കണ്ടെത്തുന്നു.
- ❖ കൃത്യത, സൂക്ഷ്മത ഇവ പാലിച്ച് നിർമ്മിതി പൂർത്തിയാക്കുന്നു.

**മേഖല : നിർമ്മാണം**

**പ്രവർത്തനം : 2**

മാരിക്കാവ് ഗവ. യു. പി. സ്കൂളിൽ കായികമേളയോടനുബന്ധിച്ച് ഓട്ട മത്സരത്തിനായി 80 cm അകലത്തിൽ നേർരേഖയിലാണ് ട്രാക്കുകൾ ക്രമീകരിച്ചിരിക്കുന്നത്. ഈ ട്രാക്കിന്റെ ചിത്രം വരയ്ക്കുക.




- ❖ 2 ട്രാക്കെങ്കിലും വരയ്ക്കണം.
  (അനുയോജ്യമായ തോതെടുക്കാം.)

**സൂചകങ്ങൾ**

- ❖ അനുയോജ്യമായ വഴി തെരഞ്ഞെടുക്കുന്നു.
- ❖ അനുയോജ്യമായ ഉപകരണങ്ങൾ കണ്ടെത്തുന്നു.
- ❖ കൃത്യത, സൂക്ഷ്മത ഇവ പാലിച്ച് നിർമ്മിതി പൂർത്തിയാക്കുന്നു.

**ടീച്ചർക്കുള്ള നിർദ്ദേശം**

അനുയോജ്യമായ തോതെടുത്ത് തുല്യ അകലത്തിനായി 3 സമാന്തര രേഖകളെങ്കിലും വരയ്ക്കണം.

**മേഖല : നിർമ്മാണം**

**പ്രവർത്തനം 3**

ജ്യാമിതീയ പാറ്റേൺ നിർമ്മാണത്തിലേർപ്പെട്ടിരുന്ന സാനു മീനിനെ വരച്ചത് 2 ജോഡി സമാന്തര രേഖകൾ ഉപയോഗിച്ച് താഴെ കാണിച്ചിരിക്കുന്ന വിധത്തിലാണ്.




ഈ പാറ്റേൺ നിങ്ങളും വരയ്ക്കൂ.

**സൂചകങ്ങൾ**

- ❖ അനുയോജ്യമായ വഴി തെരഞ്ഞെടുക്കുന്നു.
- ❖ അനുയോജ്യമായ ഉപകരണങ്ങൾ കണ്ടെത്തുന്നു.
- ❖ കൃത്യത, സൂക്ഷ്മത ഇവ പാലിച്ച് നിർമ്മിതി പൂർത്തിയാക്കുന്നു.

**മേഖല : നിർമ്മാണം**

**പ്രവർത്തനം 4**

ഭിത്തിയിൽ 2 നിരകളിലായി ഫോട്ടോ ഉറപ്പിക്കുന്നതിന് റഫീക്ക് 40 cm അകലത്തിൽ സമാന്തരമായി റീപ്പറുകൾ ഉറപ്പിക്കാൻ തീരുമാനിച്ചു. ഇതിന്റെ രൂപരേഖ സൗകര്യപ്രദമായ തോതെടുത്ത് വരയ്ക്കൂ. തോത് എഴുതൂ.

**സൂചകങ്ങൾ**

- ❖ അനുയോജ്യമായ വഴി തെരഞ്ഞെടുക്കുന്നു.
- ❖ അനുയോജ്യമായ ഉപകരണങ്ങൾ കണ്ടെത്തുന്നു.
- ❖ കൃത്യത, സൂക്ഷ്മത ഇവ പാലിച്ച് നിർമ്മിതി പൂർത്തിയാക്കുന്നു.

**മേഖല : നിർമ്മാണം**

**പ്രവർത്തനം 5**

രഘു തന്റെ കൃഷിത്തോട്ടത്തിന്റെ നടുവിൽ സാമാന്തരികത്തിന്റെ ആകൃതിയിൽ ചുവന്ന ചീര നട്ട് മോടി പിടിപ്പിച്ചു. ചീരത്തോട്ടത്തിന്റെ അടുത്തടുത്ത വശങ്ങൾ 6മീ., 4 മീ, അവയ്ക്കിട യിലുള്ള കോൺ $60^{o}$ യും ആയാൽ സൗകര്യപ്രദമായ തോതെടുത്ത് ഈ ചിത്രത്തിന്റെ പ്ലാൻ വര യ്ക്കൂ.

**സൂചകങ്ങൾ**

- ❖ അനുയോജ്യമായ വഴി തെരഞ്ഞെടുക്കുന്നു.
- ❖ അനുയോജ്യമായ ഉപകരണങ്ങൾ കണ്ടെത്തുന്നു.
- ❖ കൃത്യത, സൂക്ഷ്മത ഇവ പാലിച്ച് നിർമ്മിതി പൂർത്തിയാക്കുന്നു.

**നിർദ്ദേശങ്ങൾ**

തന്നിരിക്കുന്ന അളവുകളുടെ (വശങ്ങളുടെ) തോതെടുത്ത് സാമാന്തരികം വരയ്ക്കണം.

**മേഖല : പ്രശ്നാപഗ്രഥനം**

**പ്രവർത്തനം - 1**

രാജുവിന്റെ വീടിനു സമീപമുള്ള ഇലക്ട്രിക് പോസ്റ്റ് വലിച്ചു കെട്ടിയിരിക്കുന്ന സ്റ്റേകമ്പി ഭൂമിയുമായി ഉണ്ടാക്കുന്ന കോണുകളിലൊന്ന് 2-ാമത്തെ കോണിന്റെ 3 ഇരട്ടിയാണ്. എങ്കിൽ ഓരോ കോണിന്റേയും അളവുകൾ എത്രവീതമായിരിക്കും ?



<u>**സൂചകങ്ങൾ**</u>

- ❖ പ്രശ്നം നിർണ്ണയിക്കുന്നതിലെ കൃത്യത
- ❖ പ്രശ്ന നിർദ്ധാരണത്തിന് വഴി തെരഞ്ഞെടുത്തതിലെ അനുയോജ്യത
- ❖ നിഗമനം രൂപീകരിക്കൽ

**മേഖല : പ്രശ്നാപഗ്രഥനം**

**പ്രവർത്തനം - 2**

രാമുവും റഹിമും കൂട്ടുകൃഷിക്കാരാണ്. അവർ ലാഭം വീതം വച്ചത് 2:3 എന്ന അംശബന്ധത്തിലാണ്. റഹിമിന് 2500 രൂപയാണ് രാമുവിനേക്കാൾ കൂടുതൽ ലഭിച്ചതെങ്കിൽ അവരുടെ ആകെ ലാഭം എത്ര ? ഓരോരുത്തർക്കും എത്ര വീതം ലഭിച്ചു ?

**<u>സൂചകങ്ങൾ</u>**

- ❖ പ്രശ്നം നിർണ്ണയിക്കുന്നതിലെ കൃത്യത
- ❖ പ്രശ്ന നിർദ്ധാരണത്തിന് വഴി തെരഞ്ഞെടുത്തതിലെ അനുയോജ്യത
- ❖ നിഗമനം രൂപീകരിക്കൽ

**<u>അദ്ധ്യാപകർക്കുള്ള നിർദ്ദേശം</u>**

ലാഭത്തിന്റെ 1/5 ഭാഗമാണ് 2500 രൂപ

**മേഖല : പ്രശ്നാപഗ്രഥനം**

**പ്രവർത്തനം - 3**

10% കൂട്ടു പലിശ കണക്കാക്കുന്ന ബാങ്കിൽ അപ്പു 12000 രൂപ നിക്ഷേപിച്ചു. 1വർഷം കഴിഞ്ഞപ്പോൾ ഉണ്ടായിരുന്ന തുകയോടു കൂടി പശുവിനെ വിറ്റു കിട്ടിയ 5000 രൂപ കൂടി നിക്ഷേപിച്ചു. 2 വർഷം പൂർത്തിയായപ്പോൾ നിക്ഷേപം പിൻവലിച്ചാൽ അപ്പുവിന് ലഭിച്ച തുകയെത്ര ?

**<u>സൂചകങ്ങൾ</u>**

- ❖ പ്രശ്നം നിർണ്ണയിക്കുന്നതിലെ കൃത്യത
- ❖ പ്രശ്ന നിർദ്ധാരണത്തിന് വഴി തെരഞ്ഞെടുത്തതിലെ അനുയോജ്യത
- ❖ നിഗമനം രൂപീകരിക്കൽ

**മേഖല : പ്രശ്നാപഗ്രഥനം**

**പ്രവർത്തനം – 4**




ചിത്രത്തിൽ AB സമാന്തരം CD

ചിത്രത്തിലെ മറ്റുകോണുകൾ കണ്ടെത്തി എഴുതുക.

**സൂചകങ്ങൾ**

- ❖ പ്രശ്നം നിർണ്ണയിക്കുന്നതിലെ കൃത്യത
- ❖ പ്രശ്ന നിർദ്ധാരണത്തിന് വഴി തെരഞ്ഞെടുത്തതിലെ അനുയോജ്യത
- ❖ നിഗമനം രൂപീകരിക്കൽ

**മേഖല : പ്രശ്നാപഗ്രഥനം**

**പ്രവർത്തനം – 5**

ഗോപനും റോബിനും കച്ചവടത്തിൽ നിന്നും കിട്ടിയ ലാഭം തുല്യമായി പങ്കിട്ടെടുത്തു. ഈ തുക ഗോപൻ 10% സാധാരണ പലിശ കണക്കാക്കുന്ന ബാങ്കിൽ നിക്ഷേപിച്ചു. 2 വർഷം കഴിഞ്ഞപ്പോൾ അയാൾക്ക് 2400 രൂപ പലിശ ലഭിച്ചു. എന്നാൽ റോബിൻ 10% കൂട്ടുപലിശ കണക്കാക്കുന്ന ബാങ്കിലാണ് തന്റെ വീതം നിക്ഷേപിച്ചത്. 2 വർഷം കഴിയുമ്പോൾ അയാൾക്ക് എത്ര രൂപ പലിശ ലഭിക്കും ?

**<u>സൂചകങ്ങൾ</u>**

- ❖ പ്രശ്നം നിർണ്ണയിക്കുന്നതിലെ കൃത്യത
- ❖ പ്രശ്ന നിർദ്ധാരണത്തിന് വഴി തെരഞ്ഞെടുത്തതിലെ അനുയോജ്യത
- ❖ നിഗമനം രൂപീകരിക്കൽ

**അദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ**

I = PNR എന്ന സൂത്രവാക്യം ഉപയോഗിച്ച് മുതൽ കണക്കാക്കിയ ശേഷം ആ തുക യ്ക്കുള്ള 2 വർഷത്തെ കൂട്ടു പലിശ കണക്കാക്കാം.

OR

രണ്ടു വർഷത്തേക്കു ലഭിക്കുന്ന സാധാരണ പലിശ 2400 രൂപ. അതുകൊണ്ട് ഒരു വർഷത്തെ പലിശയായ 1200 രൂപയുടെ 10% ആയ 120 രൂപയാണ് പലിശയിനത്തിൽ റോബിന് കൂടുതൽ ലഭിക്കുന്നത്.

**മേഖല : സംഖ്യാബോധവും ക്രിയാശേഷിയും**

**പ്രവർത്തനം : 1**

എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം ഒരു നിശ്ചിത അംശബന്ധത്തിലാണ് സാനു സിമന്റും മണലും ചേർത്ത് വീടിന്റെ ഭിത്തി നിർമ്മിച്ചത്. വിവിധ ദിവസങ്ങളിൽ മിശ്രിതം തയ്യാറാക്കാൻ ഉപയോഗിച്ച സിമന്റിന്റേയും മണലിന്റേയും അളവുകൾ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

| ദിവസം | സിമന്റ് (ചട്ടി) | മണൽ (ചട്ടി) |
|---|---|---|
| തിങ്കൾ | 10 | 60 |
| ചൊവ്വ | - | 90 |
| ബുധൻ | 12 | - |
| വ്യാഴം | - | 132 |

വിട്ടുപോയവ ചേർത്തെഴുതുക

**സൂചകങ്ങൾ**

- ❖ താരതമ്യം ചെയ്യുന്നു.
- ❖ പരസ്പര ബന്ധം കണ്ടെത്തുന്നു.
- ❖ ക്രിയകളുടെ ഉത്തരം കണ്ടെത്തുന്നു.

**മേഖല : സംഖ്യാബോധവും ക്രിയാശേഷിയും**

**പ്രവർത്തനം : 2**

ചിത്രത്തിലെ മറ്റു കോണുകൾ കണ്ടെത്തൂ.



**സൂചകങ്ങൾ**

1. താരതമ്യം ചെയ്യുന്നു.
2. പരസ്പര ബന്ധം കണ്ടെത്തുന്നു.
3. വ്യാഖ്യാനിച്ച് കണ്ടെത്തലുകളിലെത്തി ചേരുന്നു.

**മേഖല : സംഖ്യാബോധവും ക്രിയാശേഷിയും**

**പ്രവർത്തനം : 3**

അജിത്ത് വാഹനം വാങ്ങുന്നതിനായി ലോൺ എടുക്കുന്നതിനു വേണ്ടി വിവിധ പണമിടപാടു സ്ഥാപനങ്ങളിൽ അന്വേഷിച്ചപ്പോൾ കിട്ടിയ വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

**ധന്യ ഫൈനാൻസിയേഴ്സ്**
100 രൂപയ്ക്ക് 1 രൂപ
മാത്രം പലിശ

**വിസ്മയ ഫിനാൻസ്**
1000 രൂപയ്ക്ക് 1 ദിവസം
1 രൂപ മാത്രം

**ശങ്കേഴ്സ് ബാങ്ക്**
100 രൂപയ്ക്ക് 6 മാസത്തേയ്ക്ക്
12 രൂപ മാത്രം.

**കിഷോർ ഫിനാൻസ്**
200 രൂപയ്ക്ക് 1 വർഷത്തേയ്ക്ക്
32 രൂപ മാത്രം.

- ഏത് സ്ഥാപനത്തിൽ നിന്ന് ലോൺ എടുക്കുന്നതാണ് കൂടുതൽ മെച്ചം ?
- ഏറ്റവും കൂടുതൽ പലിശ നിരക്ക് ഏത് സ്ഥാപനത്തിലാണ് ?

**സൂചകങ്ങൾ**

- ക്രിയയുടെ ഉത്തരം കണ്ടെത്തുന്നു.
- താരതമ്യം ചെയ്യുന്നു.
- പരസ്പര ബന്ധം കണ്ടെത്തുന്നു.

**മേഖല : സംഖ്യാബോധവും ക്രിയാശേഷിയും**

**പ്രവർത്തനം : 4**

ഗണിതവൽക്കരണത്തിന്റെ ഭാഗമായി നാല് വ്യത്യസ്ത ത്രികോണങ്ങൾ ഉപയോഗിച്ച് സംഗീത ഒരു ഗണിത പാറ്റേൺ ഉണ്ടാക്കാൻ തീരുമാനിച്ചു. ഈ ത്രികോണങ്ങളെല്ലാം 30º, 60º, 90º കോണളവുള്ളവയാണ്. ഈ ത്രികോണങ്ങളുടെ വശങ്ങളുടെ ചില അളവുകൾ താഴെ തന്നിരിക്കുന്നു. വിട്ടുപോയ അളവുകൾ കണ്ടെത്തൂ.

| ചെറിയ വശം (cm) | വലിയ വശം (cm) |
|---|---|
| 5 | 10 |
| - | 6 |
| - | 7 |
| 4.2 | - |

**സൂചകങ്ങൾ**

- ❖ താരതമ്യം ചെയ്യുന്നു.
- ❖ പരസ്പര ബന്ധം കണ്ടെത്തുന്നു.
- ❖ ക്രിയയുടെ ഉത്തരം കണ്ടെത്തുന്നു.

**അധ്യാപകർക്കുള്ള നിർദ്ദേശം.**

- ❖ 30º, 60º, 90º കോണളവുള്ള ത്രികോണങ്ങളിലെ ചെറിയ വശവും വലിയ വശവും 1:2 എന്ന അംശബന്ധത്തിലാണ്.

**മേഖല : സംഖ്യാബോധവും ക്രിയാശേഷിയും**

**പ്രവർത്തനം : 5**

റിച്ചാർഡും ജസ്മലും കൂട്ടുകാരാണ്. 10% നിരക്കിൽ സാധാരണ പലിശ കണക്കാക്കുന്ന ബാങ്കിൽ രണ്ടു പേരും 12500 രൂപ വീതം നിക്ഷേപിച്ചു. റിച്ചാർഡ് ഒരു വർഷത്തിനുശേഷം നിക്ഷേപം പിൻവലിച്ച്, ലഭിച്ച തുക വീണ്ടും ഒരു വർഷത്തേയ്ക്കു കൂടി നിക്ഷേപിച്ചു. രണ്ടാം വർഷാവസാനം ഇരുവരും നിക്ഷേപം പിൻവലിച്ചാൽ ആർക്കാണ് കൂടുതൽ പണം ലഭിക്കുക ? എത്ര കൂടുതൽ ?

**സൂചകങ്ങൾ**

- താരതമ്യം ചെയ്യുന്നു.
- പരസ്പര ബന്ധം കണ്ടെത്തുന്നു.
- ക്രിയയുടെ ഉത്തരം കണ്ടെത്തുന്നു.

**അധ്യാപകർക്കുള്ള നിർദ്ദേശം.**

- രണ്ടാം വർഷാവസാനം ഓരോരുത്തർക്കും ലഭിയ്ക്കുന്ന പലിശയടക്കം മുതൽ കണ്ടെത്തി ആർക്കാണ് കൂടുതൽ ലഭിക്കുക, എത്ര കൂടുതൽ എന്ന് കണ്ടെത്താം. അല്ലെങ്കിൽ റിച്ചാർഡിന്റെ ആദ്യ വർഷത്തെ പലിശയായ 1250 രൂപയുടെ 10% ആയ 125 രൂപയാണ് കൂടുതലായി ലഭിച്ച തുക എന്നും കണ്ടെത്താം.

**മേഖല : യുക്തിസമർത്ഥനം**

**പ്രവർത്തനം : 1**

ഗണിത ക്ലാസ്സിൽ ജോൺ വരച്ച ജ്യാമിതീയ രൂപങ്ങൾ താഴെ കൊടുത്തിരിക്കുന്നു. ചില കോണുകൾ അളന്ന് എഴുതിയിട്ടുണ്ട്. ജോൺ കണ്ടെത്തിയ അളവുകൾ ശരിയാണോ ? എന്തു കൊണ്ട് ?




ചിത്രം (1)




ചിത്രം (2)




ചിത്രം (3)

**സൂചകങ്ങൾ**

- ❖ കാര്യകാരണബന്ധങ്ങൾ കണ്ടെത്തുന്നു.
- ❖ തെളിവുകളുടെ അടിസ്ഥാനത്തിൽ ന്യായീകരിക്കുന്നു.
- ❖ സാധൂകരിക്കാനും നിരാകരിക്കാനും ആവശ്യമായ കാരണം കണ്ടെത്തുന്നു.

**അധ്യാപകർക്കുള്ള നിർദ്ദേശം**

ത്രികോണത്തിന്റെ കോണുകളുടെ അളവുകളുടെ തുക രേഖീയജോഡി, എതിർകോൺ എന്നീ ആശയങ്ങൾ ഉപയോഗിച്ച് കണ്ടെത്തണം.

**മേഖല : യുക്തിസമർത്ഥനം**

**പ്രവർത്തനം : 2**

കൊടിമരത്തിന്റെ ഉയരം അളക്കുന്നതിനെപ്പറ്റി കുട്ടികൾ തമ്മിൽ തർക്കമായി. ഉടനെ ശ്യാം 3 മീറ്റർ ഉയരമുള്ള കമ്പിന്റെ നിഴലിന്റെ നീളം അളന്ന് 1 മീറ്ററാണെന്ന് കണ്ടെത്തി. ഇതിനു ശേഷം കൊടിമരത്തിന്റെ നിഴൽ അളന്ന് നോക്കിയ ശ്യാം കൊടിമരത്തിന്റെ ഉയരം 15 മീറ്ററാണെന്ന് അഭിപ്രായപ്പെട്ടു. എങ്കിൽ കൊടിമരത്തിന്റെ നിഴലിന് എത്ര നീളമുണ്ടായിരുന്നു ?

**സൂചകങ്ങൾ**

- ❖ കാര്യകാരണബന്ധങ്ങൾ കണ്ടെത്തുന്നു.
- ❖ തെളിവുകളുടെ അടിസ്ഥാനത്തിൽ ന്യായീകരിക്കുന്നു.
- ❖ പുതിയ സന്ദർഭത്തിൽ പ്രയോഗിക്കുന്നു.

**അധ്യാപകർക്കുള്ള നിർദ്ദേശം**

ഒരു നിശ്ചിത സമയത്ത് കൊടിമരത്തിന്റേയും അതിന്റെ നിഴലിന്റേയും അംശബന്ധം കമ്പിന്റേയും അതിന്റെ നിഴലിന്റേയും അംശബന്ധത്തിന് തുല്യമായിരിക്കും.

**മേഖല : യുക്തിസമർത്ഥനം**

**പ്രവർത്തനം : 3**

ചോദ്യ നിർമ്മാണവുമായി ബന്ധപ്പെട്ട് അബു നിർമ്മിച്ച ഒരു ചോദ്യം താഴെക്കൊടുത്തിരിക്കുന്നു.




ചിത്രത്തിൽ <ACD = <DCE = <BCE

എങ്കിൽ <ACE എത്രയായിരിക്കും ?

അബു നിർമ്മിച്ച ചോദ്യം ശരിയാണോ ? എന്തുകൊണ്ട് ? ശരിയല്ലെങ്കിൽ ശരിയാക്കൂ ?

**സൂചകങ്ങൾ**

- ❖ കാര്യകാരണബന്ധങ്ങൾ കണ്ടെത്തുന്നു.
- ❖ സാധൂകരിക്കാനും നിരാകരിക്കാനും ആവശ്യമായ കാരണം കണ്ടെത്തുന്നു.
- ❖ പുതിയ സന്ദർഭത്തിൽ പ്രയോഗിക്കുന്നു.

**അധ്യാപകർക്കുള്ള നിർദ്ദേശം**

$<DCE = 30^{o}$ എന്ന് ഉറപ്പിക്കുകയാണെങ്കിൽ $<ACD = <BCE$ എന്ന് മാറ്റിയെഴുതണം.

OR

മൂന്ന് കോണുകളും തുല്യമാണ് എന്ന് എടുക്കുകയാണെങ്കിൽ $<DCE = 60^{o}$ എന്ന് എഴുതേണ്ടി വരും.

**മേഖല : യുക്തിസമർത്ഥനം**

**പ്രവർത്തനം : 4**

**സുകന്യ ബാങ്ക്**
100 രൂപയ്ക്ക് 1 മാസം
1 രൂപ പലിശ

**മംഗല്യ ബാങ്ക്**
500 രൂപയ്ക്ക് ഒരു വർഷം
50 രൂപ പലിശ

രണ്ട് പരസ്യങ്ങളും കണ്ട ബഷീർ 10,000 രൂപ ബാങ്കിൽ നിക്ഷേപിക്കാൻ തീരുമാനിച്ചു. ഏത് ബാങ്കിൽ നിക്ഷേപിക്കുന്നതാണ് ലാഭകരം ? എന്തുകൊണ്ട് ?

**സൂചകങ്ങൾ**

- ❖ കാര്യകാരണബന്ധങ്ങൾ കണ്ടെത്തുന്നു.
- ❖ തെളിവുകളുടെ അടിസ്ഥാനത്തിൽ ന്യായീകരിക്കുന്നു.
- ❖ സാധൂകരിക്കാനും നിരാകരിക്കാനും ആവശ്യമായ കാരണം കണ്ടെത്തുന്നു.

**അധ്യാപകർക്കുള്ള നിർദ്ദേശം**

രണ്ട് ബാങ്കുകളിലേയും പലിശ നിരക്ക് കണ്ടെത്തി കൂടുതലുള്ളത് തിരിച്ചറിയണം.

**മേഖല : യുക്തിസമർത്ഥനം**

**പ്രവർത്തനം : 5**

റഷീദും സാബുവും കൂട്ടുകാരാണ്. അവർ യഥാക്രമം 6000, 4000 രൂപ വീതം മുടക്കി മരക്കച്ചവടം നടത്തി. കിട്ടിയ ലാഭം 800, 400 എന്ന ക്രമത്തിൽ വീതിച്ചെടുത്തു. തന്റെ മുടക്കു മുതലിന് ആനുപാതികമായി ലാഭം ലഭിച്ചില്ല എന്ന് സാബു പരാതി പറഞ്ഞു. സാബുവിന്റെ പരാതി ശരിയാണോ ? എന്തുകൊണ്ട് ?

**സൂചകങ്ങൾ**

- കാര്യകാരണബന്ധങ്ങൾ കണ്ടെത്തുന്നു.
- തെളിവുകളുടെ അടിസ്ഥാനത്തിൽ ന്യായീകരിക്കുന്നു.
- സാധൂകരിക്കാനും നിരാകരിക്കാനും ആവശ്യമായ കാരണം കണ്ടെത്തുന്നു.

**നിർദ്ദേശം**

മുടക്കു മുതലിന് ആനുപാതികമായി ലാഭം വീതിക്കണം.

*****